# <u>പത്രക്കുറിപ്പ്</u>

തിരുവനന്തപുരം: ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 എല്ലാ വിദ്യാലയങ്ങളിലും സേവനദിനമായും തുടർന്നുള്ള ഒരാഴ്ച സേവനവാരമായും ആചരിക്കുന്നതാണ്. ഒക്ടോബർ 2 ന് സേവനദിനാചരണത്തിന്റെ മുന്നോടിയായും തുടർന്ന് ഒക്ടോബർ 3 തിങ്കളാഴ്ച ചേരുന്ന സ്കൂൾ അസംബ്ലിയിലും ബഹു. മുഖ്യമന്ത്രിയുടെ ഗാന്ധി ജയന്തി സന്ദേശം വായിക്കേണ്ടതും, ഗാന്ധിജി വിഭാവന ചെയ്തപോലെ എല്ലാ മനുഷ്യരെയും ഒന്നായി കണ്ട് പരസ്പരസ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും രാജ്യത്തിന്റെ ശ്രേയസ്സിനായി പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ ബോധവത്കരിക്കേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

01/10/2016
തിരുവനന്തപുരം.